# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**VOL. XXXXIX/FK- 102** **2016 NOVEMBER 15** **NO. 15**


### സർക്കുലർ - 24

## ലത്തീൻ കത്തോലിക്ക സമുദായദിനം - 2016
## തീരദേശവികസനവും സാമൂഹികനീതിയും

എല്ലാ വർഷവും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച കേരള ലത്തീൻകത്തോലിക്ക സമുദായ ദിനമായി നാം ആചരിച്ചുവരികയാണല്ലോ. ഈ വർഷത്തെ സമുദായ ദിനം ഡിസംബർ 4-ാം തീയതി ഞായറാഴ്ചയാണ്. ഇതോടനു ബന്ധിച്ച് അന്ന് സംസ്ഥാനതലത്തിൽ നടക്കുന്ന ആഘോഷ പരിപാടികൾക്ക് ആതിഥേയത്വം വഹിക്കുന്നത് ആലപ്പുഴ രൂപതയാണ്.

സമുദായദിനത്തിൽ ഒരു പ്രത്യേകവിഷയം തിരഞ്ഞെടുത്ത് പഠനവിധേയമാക്കുന്ന പതിവുണ്ട്. ഇക്കൊല്ലം പഠനത്തിനായി നാം തിരഞ്ഞെടുത്തിരിക്കുന്നത് തീരദേശ വികസനവും സാമൂഹിക നീതിയും എന്ന വിഷയമാണ്. തുടർന്നുള്ള നമ്മുടെ പ്രവർത്ത നങ്ങൾക്ക് കുറേക്കൂടി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊ ള്ളുവാൻ ഈ വിഷയ പഠനം നമ്മെ സഹായിക്കും. 590 കിലോമീറ്റർ നീളംവരുന്ന കേരളത്തിലെ തീരദേശ ജനങ്ങളുടെ സാമൂഹിക -സാമ്പ ത്തിക-സാംസ്ക്കാരികതലങ്ങളിലുള്ള വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നീതിക്കുവേണ്ടിയുള്ള പ്രവർത്തനവും സമൂഹത്തിന്റെ പുനർനിർമ്മാണത്തിലുള്ള പങ്കാളിത്തവും സുവിശേഷപ്രഘോഷണ

ത്തിന്റെ അടിസ്ഥാനഘടകമാണെന്നാണല്ലോ രണ്ടാംവത്തിക്കാൻ സൂനഹദോസ് നമ്മെ പഠിപ്പിക്കുന്നത്. ഭൗതികതലത്തിൽ മനുഷ്യൻ അനുഭവിക്കുന്ന എല്ലാ അടിമത്തങ്ങളിൽ നിന്നും അവനെ മോചിപ്പിക്കുകയും വികസനത്തിന്റെ പാതയിൽ നയിക്കുകയും ചെയ്യുകയെന്നത് സഭയുടെ സുവിശേഷദൗത്യമാണ്. വികസനത്തിന്റെ ഈ പാതയിൽ തീരദേശം മാത്രമല്ല, ലത്തീൻ കത്തോലിക്ക സമൂഹം മുഴുവനും ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

കേരള ജനതയുടെ നാലിലൊരു ഭാഗവും തീരദേശത്താണ് അധിവസിക്കുന്നത്. വിശ്വവിഖ്യാതമായ കേരളമോഡൽ പ്രഘോഷിക്കപ്പെടുമ്പോഴും തീരദേശത്തെ ജനസമൂഹം വികസനത്തിന്റെ അനുഗ്രഹസ്പർശം ലഭിക്കാത്തവരായി മാറുന്നുണ്ടോ എന്നത് പലപ്പോഴും ചിന്തനീയമാണ്. കുടിവെള്ളം, പ്രാഥമിക സൗകര്യങ്ങൾ, റോഡുകൾ, പാലങ്ങൾ, ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ തുടങ്ങി തീരജനതക്ക് ആവശ്യമായ നിരവധിവിഷയങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ ഉയർത്തിക്കാട്ടേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ തീരജനവിഭാഗം ഭൂരിപക്ഷമായുള്ള ലത്തീൻ സമുദായത്തിന് പ്രത്യേകമായ ഒരു ദൗത്യമുണ്ട്. അത് കേരളത്തിലെ ഇതരജനവിഭാഗങ്ങൾക്കൊപ്പം തീരദേശത്തെ ജനതക്ക് നീതി നല്കുകയെന്ന സാമൂഹികനീതിയുടെ നേർകണ്ണാടി അധികാരികളുടെയും പൊതുസമൂഹത്തിന്റെയും മുന്നിലുയർത്തുകയെന്നതുതന്നെയാണ്. അതിനായി നമ്മുടെ സമുദായസംഘടനകളെയും വിവിധ തൊഴിലാളി യുവജന - വനിത സംഘടനകളെയും കൂടുതൽ ശക്തിയുള്ളതാക്കി മാറ്റണം. അതിന് ഉപകരിക്കുന്നരീതിയിലാകണം ഈ വർഷത്തെ സമുദായദിനാചരണപ്രവർത്തനങ്ങൾ.

ഡിസംബർ 3, 4 തീയതികളിൽ ആലപ്പുഴ രൂപതയുടെ നേതൃത്വത്തിൽ വിവിധങ്ങളായ പദ്ധതികളോടെ സമുദായദിനം അർത്ഥസമ്പുഷ്ടമാക്കാൻ ബഹുമുഖപ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതിൽ പങ്കുചേരുന്ന എല്ലാവർക്കും ലത്തീൻ കത്തോലിക്ക മെത്രാൻസമിതിക്കുവേണ്ടി നന്മകളും ഈശ്വരാനുഗ്രഹവും ആശംസിക്കുന്നു. കെ.എൽ.സി.എ, സി.എസ്.എസ്, കെ.എൽ.സിഡബ്ല്യു.എ., ഡി.സി.എം.എസ്, കെ.എൽ.എം, കെ.സി.വൈ.എം, എൽ.സി.വൈ.എം തുടങ്ങിയ സമുദായ സംഘടനകളുടെ നേതൃത്വത്തിലുള്ള വിവിധ പ്രചരണജാഥകൾ നമ്മുടെ ഐക്യവും കരുത്തും പ്രകടിപ്പിക്കട്ടെ.

ഡിസംബർ 3-ാം തീയതി നടക്കുന്ന സാംസ്കാരിക സമ്മേളനവും ഡിസംബർ 4-ലെ പ്രതിനിധിസമ്മേളനവും അവാർഡ് സമ്മേളനവും സമുദായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ദിശാബോധം നല്കും. ഡിസംബർ 4ന് ഉച്ചയ്ക്കുശേഷമുള്ള ബഹുജനറാലിയും ആലപ്പുഴ ബീച്ചിൽ നടത്തുന്ന പൊതുസമ്മേളനവും സാമൂഹികനീതിക്കും തീരദേശവികസനത്തിനും വേണ്ടിയുള്ള നമ്മുടെ സമരത്തിന്റെ ഭാഗമാണ്. 7 പ്രധാന ആവശ്യങ്ങളാണ് റാലിയിലും പൊതുസമ്മേളനത്തിലുമായി നമ്മളുയർത്തുന്നത്. അവ താഴെ ചേർക്കുന്നു.

1. തീരദേശവികസനത്തിനായി സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുക. കുടിവെള്ളം, ശുചിമുറി, റോഡുകൾ, കടൽഭിത്തി നിർമാണം, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ ഈ പാക്കേജ് വഴി ഉറപ്പാക്കുക.
2. തീരപരിപാലനവിജ്ഞാപനത്തിലെ അപാകതകൾ പരിഹരിച്ച് മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും അനുകൂലമായരീതിയിൽ ഭവനനിർമ്മാണത്തിനുള്ള അവകാശം പുനഃസ്ഥാപിക്കുക.
3. മത്സ്യമേഖലയുടെ സമഗ്രവികസനത്തിനായി കേന്ദ്രസർക്കാരിൽ ഫിഷറീസ് മന്ത്രാലയം രൂപീകരിക്കുക.
4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായകരമാകുന്ന മിനി ഫിഷിംഗ് ഹാർബറുകൾ ശാസ്ത്രീയമായി തീരപ്രദേശങ്ങളിൽ നിർമ്മിക്കുകയും സംസ്കരണ വിപണന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
5. ഇന്ത്യയിലെ ദളിത് ക്രൈസ്തവർക്ക് ഭരണഘടന നൽകിയിട്ടുള്ള അവകാശപ്രകാരം മതപരിഗണന കൂടാതെ പട്ടികജാതി പദവി പ്രഖ്യാപിക്കുക.
6. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്കർക്കും ദലിത്ക്രൈസ്തവർക്കും നഷ്ടപ്പെട്ട സർക്കാർ തസ്തികൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ തിരിച്ചുനല്കുക.
7. ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കും തീരദേശവാസികൾക്കും, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികൾക്കും വാസയോഗ്യമായ ഭൂമിയും

ഭവനവും ഉപാധിരഹിതപട്ടയവും അനുവദിക്കുക. അതോടൊപ്പം ബി.പി.എൽ. നിർണയത്തിലെ അപാകതകൾ പരിഹരിച്ച് അർഹതപ്പെട്ടവർക്കെല്ലാം ബി.പി.എൽ പരിരക്ഷ നല്കുക.

2017-ൽ മിഷൻ കോൺഗ്രസ്സ് സംഘടിപ്പിക്കാൻ ലത്തീൻ സഭ എല്ലാ ഒരുക്കങ്ങളും നടത്തുകയാണല്ലോ. സഭയുടെ പ്രേഷിതദൗത്യം മിഷൻ കോൺഗ്രസ്സിലൂടെ കൂടുതൽ ആർജവമുള്ളതാക്കിത്തീർക്കാൻ നാം ആഗ്രഹിക്കുന്നു. നാം സ്വപ്നം കാണുന്നതുമായുള്ള ലത്തീൻ സമുദായത്തിന്റെ കെട്ടുറപ്പും ഭദ്രതയും വികസനവും സാധ്യമാക്കാൻ ബി.സി.സി. തലം മുതൽ നമ്മുടെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുകയാണ്. സമുദായത്തിനുള്ളിൽ നടക്കുന്ന ആന്തരിക സംയോജനപ്രക്രിയ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

സമുദായദിനത്തോടനുബന്ധിച്ച് പതിവായി നടത്തുന്ന പരിപാടികൾ കൂടാതെ ഇടവക രൂപതാതലങ്ങളിൽ താഴെ പറയുന്നവയ്ക്കുകൂടി അർഹമായ പ്രാധാന്യം നല്കാൻ ശ്രദ്ധിക്കണം.

1. സമുദായദിനം ഡിസംബർ 4 - മുഖ്യദിവ്യബലിയ്ക്കുമുമ്പോ പിമ്പോ സമുദായപതാക ആഘോഷമായി ഉയർത്തുന്നു. അന്നത്തെ ദിവ്യബലിയിൽ കേരളത്തിലെ 12 ലത്തീൻ രൂപതകളിലായി വസിക്കുന്ന ലത്തീൻ സമുദായത്തെക്കുറിച്ച് പ്രതിപാദിക്കുകയും പ്രത്യേകിച്ച് ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന തലസമുദായദിനപരിപാടി അനുസ്മരിച്ച് വിശ്വാസികളുടെ പ്രാർത്ഥന നടത്തുകയും വേണം.

2. സമുദായദിനത്തിലെ സ്ത്രോതകാഴ്ച സമുദായപ്രവർത്തനങ്ങളുടെ ആവശ്യകതയിലേയ്ക്കായി പ്രത്യേകം പിരിക്കേണ്ടതാണ്. ആ തുക 2017 ജനുവരി 30ന് കെ.ആർ.എൽ.സി. കേന്ദ്രകാര്യാലയത്തിൽ എത്തിക്കേണ്ടതിനാൽ അതിനുമുമ്പായി അത് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

3. ദിവ്യബലിക്കുശേഷം ഇടവകയിലെ വിവിധ നേതൃവിഭാഗങ്ങളെ (സംഘടനാംഗങ്ങൾ, ബിസിസി ഭാരവാഹികൾ, മതാധ്യാപകർ, ശുശ്രൂഷാസമിതി അംഗങ്ങൾ തുടങ്ങിയവർ) ഉൾക്കൊള്ളിച്ച് സമുദായദിനചിന്താവിഷയത്തെക്കുറിച്ച് പഠനസെമിനാർ നടത്തുന്നത് ഉചിതമായിരിക്കും.

2016 ഡിസംബർ 4-ാം തീയതി സംസ്ഥാനതലത്തിൽ ആലപ്പുഴ രൂപതയിൽ വച്ച് നടക്കുന്ന സമുദായദിനാഘോഷങ്ങളിൽ ഓരോ രൂപതയിൽനിന്നും കഴിയുന്നത്ര വൈദികരും, സന്യസ്തരും, അല്മായരുമടങ്ങുന്ന പ്രതിനിധിസംഘം പങ്കെടുക്കേണ്ടതാണ്.

ഈ പ്രതിനിധി സംഘത്തിലെ അംഗങ്ങളായി ഓരോ രൂപതയിലെയും ഇടവകകളിൽനിന്ന് അല്മായശുശ്രൂഷാസമിതി കൺവീനർമാരെയും സാധിക്കുന്ന ഇടവകകളിൽനിന്നും യുവജന, സാമൂഹിക ശുശ്രൂഷാസമിതി കൺവീനർമാരെയും പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

ലത്തീൻ സമുദായത്തിന്റെ മുന്നേറ്റത്തിനായും ഫലപ്രദമായ സമുദായ ദിനാഘോഷങ്ങളുടെ വിജയത്തിനായും നിങ്ങളേവരുടെയും ആഴമായ പ്രാർഥനയും ആത്മാർഥമായ സഹായസഹകരണങ്ങളും അഭ്യർഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി,

**✠ സൂസപാക്യം എം.**
കെആർഎൽസിസി അദ്ധ്യക്ഷൻ,
തിരുവനന്തപുരം മെത്രാപ്പോലീത്ത

**✠ ഫ്രാൻസിസ് കല്ലറക്കൽ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ,
വരാപ്പുഴ അതിരൂപത

---

NB: ഈ സർക്കുലർ 2016 നവംബർ 27-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21